# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോത്തുകല്ല് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.6/2686/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 20/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്തുകല്ല് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.6/2686/2023 തീയ്യതി: 20/12/2023

## മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-02-2023 മുതൽ 23-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 23-11-2023 | 30-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-11-2023 | 30-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. അബ്ദുൾ ജലീൽ. ടി. പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. മുഹമ്മദ് സലീം ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. റഷീദ്. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. സക്കീന കെ,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.വിദ്യാ രാജൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.രാജേന്ദ്രൻ.പി.കെ | സെക്രട്ടറി | 01-04-2022 | 25-01-2023 |
| ശ്രീ.അബ്ദുൽ സമദ് പി എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-01-2023 | 27-01-2023 |
| ശ്രീമതി. അസീന ചെറുപള്ളിക്കൽ | സെക്രട്ടറി | 28-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രജനി എം.കെ | കൃഷി ഓഫീസർ | 01-04-2022 | 04-05-2022 |
| | | 01-06-2022 | 29-07-2022 |
| ശ്രീ. ഉമ്മർകോയ | കൃഷി ഓഫീസർ | 05-05-2022 | 31-05-2022 |
| ശ്രീമതി.രേഷ്മ ടി | കൃഷി ഓഫീസർ | 30-07-2022 | 31-10-2022 |
| ശ്രീമതി.നീതു തങ്കം സി | കൃഷി ഓഫീസർ | 01-11-2022 | 31-03-2023 |
| ശ്രീ.അരുൺ.ഗോവിന്ദ് .ടി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 02-08-2022 |
| ശ്രീ.പൃഥ്വി രാജ് ആർ | അസിസ്റ്റന്റ് എഞ്ചിനിയർ ഇൻ ചാർജ് | 03-08-2022 | 31-03-2023 |
| ശ്രീമതി.ഡോൾസി ഡൊമിനിക്ക് | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-05-2022 |
| ശ്രീ. സജി സാമുവൽ | ഹെഡ്മാസ്റ്റർ | 01-06-2022 | 31-03-2023 |
| ശ്രീമതി.സുലൈഖ .പി.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.അബ്ദുൾ നാസർ.പി.കെ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.ബിബിൻ .എം.വി | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ.പ്രോമോദ്.വി.വി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 18-04-2022 |
| | | 13-01-2023 | 21-01-2023 |
| ഡോ.ദിവ്യഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 19-04-2022 | 12-01-2023 |
| | | 22-01-2023 | 31-03-2023 |
| ശ്രീമതി.നിഷ കെ.വി | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ഡോ.മനോജ് എം വർഗീസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.സഹറുദ്ധീൻ .എ | അസി.സെക്രട്ടറി | 01-04-2022 | 19-10-2022 |
| ശ്രീ.അബ്ദുൾ സമീർ പി എ | അസി.സെക്രട്ടറി | 21-10-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ്. | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ഫണ്ട് വിനിയോഗം സംബന്ധിച്ച വാർഷിക കണക്കിലെ വിവരങ്ങൾ, എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ ACR സൂക്ഷിച്ചിട്ടില്ല. | 1-1-5 |
| 7 | ചെലവ് യഥാർത്ഥ ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി. | 1-6 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | തനത് വരുമാന സമാഹരണം-അവലോകനം | 1-11 |
| 18 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-12 |
| 19 | വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല. | 1-13 |
| 20 | കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം | 1-14 |
| 21 | ഫിറ്റ്നസ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു. | 1-15 |
| 22 | മൊബൈൽ ടവറിന്റെ നമ്പറിംഗ്/പെർമിറ്റ് അപാകത | 1-16 |
| 23 | കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം. | 1-17 |
| 24 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി- വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 1-18 |
| 25 | കെട്ടിടത്തിന്റെ തരം/ഉപയോഗ ക്രമം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു | 1-19 |
| 26 | ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകളിൽ വൻ തുക നിർജീവമായി കിടക്കുന്നു. | 1-20 |
| 27 | വയോജനങ്ങൾക്ക് കട്ടിൽ ടെണ്ടർ കൂടാതെ വാങ്ങിയതിലെ അപാകത. | 1-21 |
| 28 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-22 |
| 29 | ക്ലീൻ കേരള കമ്പനിക്ക് മാലിന്യം കയറ്റി അയക്കൽ - ജി എസ് ടി ഉൾപ്പെടെയുള്ള തുക അനുവദിച്ചു. | 1-23 |
| 30 | ഇഎംഎസ് ഭവനപദ്ധതി ചെലവഴിക്കാത്തപണം കറന്റ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-24 |
| 31 | സുലേഖ പ്രകാരമുള്ള ചെലവ് പത്രികയിൽ യഥാർത്ഥ കണക്ക് പ്രതിഫലിക്കുന്നില്ല. | 1-25 |
| 32 | ഡ്രൈനേജ് പ്രവൃത്തി -മണ്ണ് നീക്കുന്നതിന് ഉയർന്ന നിരക്ക് അനുവദിച്ചു | 1-26 |
| 33 | രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 1-27 |
| 34 | ഔഷധ സസ്യ കൃഷി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-28 |
| 35 | ഹരിതകർമ്മസേന - പ്രവർത്തനാവലോകനം. | 1-29 |

| | | |
|---|---|---|
| 36 | സർക്കാർ ഉത്തരവിനു വിരുദ്ധമായി സിഡ്കോയിൽ നിന്നും വാങ്ങൽ നടത്തി | 1-30 |
| 37 | വെറ്റിലകൃഷിക്ക് ധനസഹായം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-31 |
| 38 | ഗുണഭോക്തൃകമ്മിറ്റി കൺവീനർക്ക് നൽകിയ മുൻകൂർ ക്രമീകരിക്കേണ്ടതാണ്. | 1-32 |
| 39 | എൻആർഇജിഎസ് മറ്റീരിയൽ വില അധികം നൽകി | 1-33 |
| 40 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ക്രഡിറ്റ് ചെയ്യുന്നതിനായി SBI യിൽ അക്കൗണ്ട് തുടങ്ങിയിട്ടില്ല; വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-34 |
| 41 | പ്രവൃത്തി പൂർത്തിയാക്കാതെ ഫൈനൽ ബിൽ നൽകി; വിശദീകരണം നൽകേണ്ടതാണ്. | 1-35 |
| 42 | പി എച് സി യിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു. | 1-36 |
| 43 | ഡയാലിസിസ് സെന്ററിന് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ - നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-37 |
| 44 | കെഎസ്ഇബിക്ക് നൽകിയ മുൻകൂറുകൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. | 1-38 |
| 45 | എൻആർഇജിഎസ് മെറ്റീരിയൽ സപ്ലൈ - ജി.എസ്.ടി റ്റി.ഡി.എസ് ചെയ്തില്ല. | 1-39 |
| 46 | പണം മുൻകൂർ നൽകിയിട്ടും കമ്പ്യൂട്ടർ ലഭ്യമായില്ല. | 1-40 |
| 47 | എസ്.എസ്.കെ വിഹിതം നൽകൽ - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-41 |
| 48 | ഭൂജല വകുപ്പിലെ ഡെപ്പോസിറ്റ് പ്രവൃത്തി -അപാകതകൾ | 1-42 |
| 49 | സർക്കാർ ഉത്തരവിനു വിരുദ്ധമായി കാഡ്കോയിൽ നിന്നും വാങ്ങൽ നടത്തി | 1-43 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 20-07-2023 ലെ 2/1 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 15.09.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം.
തീയതി:

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62 (3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-3 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalents' ആയി രേഖപ്പെടുത്തിയ തുകയും (29292900) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C)' ആയി രേഖപ്പെടുത്തിയ തുകയും (15899008) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-4 ഫണ്ട് വിനിയോഗം സംബന്ധിച്ച വാർഷിക കണക്കിലെ വിവരങ്ങൾ, എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

താഴെ കൊടുത്തിരിക്കുന്ന ഫണ്ട് വിനിയോഗം സംബന്ധിച്ച വാർഷിക കണക്കിലെ വിവരങ്ങൾ, എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | വാർഷിക കണക്ക് പ്രകാരം. (I-6 + B-3) | എ.സി.ആർ പ്രകാരം + GO Project |
|---|---|---|
| Development Fund (General) | 35896380 + 455479 = 36351859 | 32346508 + 4017376 = 36363884 |
| CFC Untied Basic Grant | 5895817 + 118471 = 6014288 | 6535113 |

## 1-1-5 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ ACR സൂക്ഷിച്ചിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ താഴെ പറയുന്ന ശീർഷകങ്ങളിൽ തുക നീക്കിയിരിപ്പുണ്ട്.

| Code No | Particulars | Amount |
|---|---|---|
| 320100152 | Other Schemes | 350292 |
| 320100193 | Drought Rfelief Grant | 642499 |
| 320200399 | Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes. | 16634867 |
| 320300199 | Grants Funds & Contributions For Specific Purposes - Other Goverment Agencies | 896533 |
| 320700104 | Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats. | 17419 |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats. | 50000 |
| 320700405 | Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats. | 11250 |

മറ്റ് ഫണ്ടുകളുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള ഈ തുകകളുടെ വിവരങ്ങൾ രേഖപ്പെടുത്തി പ്രത്യേക ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-1-6**

ഭൂജലവകുപ്പിലെ ഡെപ്പോസിറ്റ് പ്രവൃത്തിക്കായി നൽകിയ 1,43,946/- രൂപ വാർഷിക ധനകാര്യപത്രികയിൽ Deposit With GWD എന്ന ശീർഷകത്തിലും കെ.എസ്.ഇ.ബിയിലെ ഡെപ്പോസിറ്റ് പ്രവൃത്തിക്കായി നൽകിയ 50,31,164/-രൂപ Deposit With KSEB എന്ന ശീർഷത്തിലും അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-1-6 ചെലവ് യഥാർത്ഥ ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല.

1). ഡെപ്പോസിറ്റ് വർക്കിനായി 72/23 (31,164/- രൂപ) , 2/23 (50,00,000/- രൂപ) എന്നീ പ്രോജക്ടുകൾ പ്രകാരം കെ എസ് ഇ ബിക്ക് അഡ്വാൻസായി നൽകിയിട്ടുണ്ട്. ഇത് വാർഷിക കണക്കിൽ Deposit With KSEB എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

2). ഡെപ്പോസിറ്റ് വർക്കിനായി 73/23 എന്ന പ്രൊജക്ട് പ്രകാരം 1,43,946/- രൂപ ഭൂജല വകുപ്പിന് അഡ്വാൻസായി നൽകിയിട്ടുണ്ട്. ഇത് വാർഷിക കണക്കിൽ Deposit With GWD എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1/1 തീയതി. 25.03.2022 | 2/1 തീയതി27.03.2023 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 35143679 |

| | |
|---|---|
| വരവ് | 258696926 |
| ആകെ | 293840605 |
| ചെലവ് | 229404026 |
| നീക്കിയിരിപ്പ് | 64436579 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 3,45,73,228 | 3,45,73,228 | 3,23,46,508 | 22,26,720 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 46,73,219 | 46,73,219 | 46,69,997 | 3,222 |
| വികസനഫണ്ട് (റ്റി.എസ്.പി.) | 0 | 57,90,545 | 57,90,545 | 57,90,332 | 213 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 65,58,000 | 65,58,000 | 56,52,208 | 9,05,792 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 93,30,000 | 93,30,000 | 76,53,420 | 16,76,580 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 1,32,27,359 | 1,32,27,359 | 46,36,233 | 89,91,126 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 63,80,266 | 63,80,266 | 58,95,817 | 4,84,449 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 393150192 | 142 | 101904126 | 0 | 53 | 72 |

## 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 86,191 | 16,92,673 | 17,78,864 | 8,60,965 | 9,17,899 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 7,77,50,000 | 7,77,50,000 | 7,77,50,000 | 0 |
| **ആകെ** | **86,191** | **7,94,42,673** | **7,95,28,864** | **7,86,10,965** | **9,17,899** |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3373000 | 266 |
| വിധവാ പെൻഷൻ | 13731000 | 1216 |
| വാർദ്ധക്യകാല പെൻഷൻ | 22775200 | 1933 |
| വികലാംഗ പെൻഷൻ | 4561600 | 393 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 238400 | 20 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.23 ന് 12.00 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2051 /- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണെങ്കിലും ചുവടെ ചേർത്തിട്ടുള്ള പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപാകത പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. മെഡിക്കൽ ഓഫീസർമാർ (അലോപ്പതി, ആയുർവ്വേദം) പ്രോജക്ട് രജിസ്റ്റർ, കാഷ് ബുക്ക് എന്നിവ സൂക്ഷിക്കുന്നില്ല.
3. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല.
4. വർഷങ്ങൾക്ക് മുമ്പ് നൽകിയ അഡ്വാൻസുകൾ ക്രമീകരിക്കാതെ കിടക്കുന്നു.
5. ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകളിൽ വലിയ തുക നിലനിർത്തുന്നു.(ഖണ്ഡിക – 1-19)

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.11.2022 | 09/2022 | 19.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.08.2023 മുതൽ 2-09-2023 | 2020-21 മുതൽ 2022-23 | 06.11.2023 |

## 1-11 തനത് വരുമാന സമാഹരണം-അവലോകനം

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും തനത് വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് , ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണ സമിതിക്ക് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. 2022-23 വർഷത്തെ ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 14 മീറ്റിംഗുകൾ കൂടിയിട്ടുണ്ടെങ്കിലും പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്.29-8-22,15-10-22,13-11-22 എന്നീ തീയ്യതികളിലെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് ക്യാമ്പ് കളക്ഷൻ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വസ്തുനികുതി ഇനത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ 100% പിരിച്ചെടുത്തിട്ടുണ്ട്.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാരും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 29-8-22ൽ ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണങ്ങളെ കണ്ടെത്തുന്നതിനും നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനമെടുത്തിട്ടുണ്ട്.എന്നാൽ ആയതിന്മേൽ നാളിതവരെ തുടർനടപടി സ്വീകരിച്ചിട്ടില്ല.

വസ്തുനികുതി പരിഷ്കരണം

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ

LSGD/PD/20073/2023-REV2 നമ്പർ ഉത്തരവ് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പോത്തുകല്ല് ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ച് വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. റോഡുകളുടെ തരം നിർണ്ണയിച്ചത് വാർഡു തല റോഡ്മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല

3)പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവ 12/1 /11-07-2023 നമ്പർ ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ച് 16-08-2023ലെ S4-3510/2023 പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുമുണ്ട്. നിലവിൽ സഞ്ചയയിൽ പുതുക്കിയ വസ്തുനികുതി നിരക്ക് കാലികമാക്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിലുള്ള നികുതി പിരിച്ചെടുക്കുകയും ചെയ്യുന്നുണ്ട്.

4). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം 322 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി യോഗ്യതയുള്ള 4 ഉദ്യോഗാർത്ഥികളെ തെരെഞ്ഞെടുക്കുകയും ഫീൽഡ് പരിശോധന ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. .കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു.

<u>സേവന ഉപനികുതി</u>

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | **ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി** |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവ് വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

<u>തൊഴിൽ നികുതി</u>

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1).കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ

നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഗ്രാമപഞ്ചായത്തിൽ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാവുന്നതാണ്.നിലവിൽ ഗ്രാമപഞ്ചായത്ത് ഒരു റേഷൻ കടയിൽ നിന്ന് മാത്രമെ ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളൂ .പഞ്ചായത്ത് പരിധിയിലെ മുഴവൻ റേഷൻകടയിൽ നിന്നും ലൈസൻസ് ഫീ,തൊഴിൽ നികുതി എന്നിവ ഈടാക്കാവുന്നതാണ്.

3). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല

ലൈസൻസ് ഫീസ്

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി വ്യാപാര ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല, പകരം 2022-23 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് ആണ് ലഭ്യമാക്കിയിട്ടുള്ളത്. ലൈസൻസ് എടുക്കാവാൻ വേണ്ടി പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് മാത്രമാണ് ലൈസൻസ് നൽകി വരുന്നത്. വ്യാപാര ലൈസൻസ് രജിസ്റ്റർ, എന്നിവ പരിശോധിച്ചതിൽ 390 സ്ഥാപനങ്ങൾക്കാണ് തൻവർഷം ലൈസൻസ് നൽകിയിട്ടുള്ളത്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, അപ്രകാരം തനത് ഫണ്ടിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നില്ലായെന്ന് ഉറപ്പ വരുത്തേണ്ടതുമാണ്.

മറ്റിനങ്ങൾ

ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ്, എന്നീ ഇനങ്ങളിൽ തൻവർഷം 650/-രൂപ വരവുണ്ട്.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളിൽ മേൽ പരാമർശിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും , പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി മറ്റു നടപടികൾ എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/29-11-23)മറുപടി ലഭ്യമായില്ല.ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി മറ്റു നടപടികൾ എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യനിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ , പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ

അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഓഡിറ്റ് എൻക്വയറി [എൻക്വയറി നമ്പർ 19/27.11.2023] നൽകി (മറുപടി ലഭ്യമായില്ല) അതിന്റെ അടിസ്ഥാനത്തിലാണ് ഈ അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

| ക്ര.ന (1) | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | വൈദ്യുതി പോസ്റ്റുകൾ മാറ്റിസ്ഥാപിക്കൽ 210 | 2014-15 | KSEB | 69664 | Maintenance Fund - Non-road Assets - | 00 | 69664 |
| 2 | 43- സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കലും അനുബന്ധ പ്രവർത്തനങ്ങളും. | 2018-19 | KSEB | 87556 | Own Fund - | 00 | 87556 |
| 3 | ഹോമിയോ ഹോസ്പിറ്റൽ വൈദ്യുതികരണം 23 | 2021-22 | KSEB | 62001 | Own Fund - | 00 | 62001 |
| 4 | തമ്പുരാട്ടിക്കല്ല് പൊതു കിണർ വൈദ്യുതീകരണം 232 | | KSEB | 131909 | Development Fund(CFC Tied Grant ) - | 00 | 131909 |

മേൽ പ്രവൃത്തികളിലായി 3,51,130 രൂപ വിവിധ ഏജൻസികളിൽ നിന്നും തിരിച്ച് ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, പ്ലാൻ ഫണ്ട് വിഹിതം സർക്കാറിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-13 വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല.

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും, ഡി&ഒ ലൈസൻസ് തുടങ്ങിയവ താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു. കൂടുതൽ ആളുകൾ ജോലി ചെയ്യുന്നതായി നിരവധി സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. കൂടുതൽ ആളുകൾ ജോലിക്കാരുള്ളതായി ഡി&ഒ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ലൈസൻസ് നം | ലൈസൻസ് നമ്പർ | ജീവനക്കാരുടെ എണ്ണം | അപാകത |
|---|---|---|---|---|
| 1 | പാലാഴി ന്യൂട്രിമിക്സ് യൂണിറ്റ് ,നെട്ടിക്കളം | 234/2022-23 | 5 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 2 | കൈരളി യൂണിറ്റ് | 240/22-23 | 5 | 2022-23ൽ വ്യാപാര |

| | | | | |
|---|---|---|---|---|
| | | | | ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 3 | ഫ്രണ്ട്സ് ബിൽഡിംഗ് മെറ്റീരിയൽ | 282/2022-23 | 5 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 4 | Women To Fly Food Duct | 356/22-23 | 4 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 5 | ഐശ്വര്യ വുഡൺ ഫർണ്ണിച്ചർ | 351/22-23 | 12 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 6 | INTARCH DESIGNS | 330/22-23 | 4 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 7 | ഫ്രണ്ട്സ് സൂപ്പർമാർക്കറ്റ് | 306/22-23 | 6 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 8 | SL Rubbers Pathar | 360/22-23 | 3 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 9 | ബ്രൈറ്റ് കോൺക്രീറ്റ് വർക്ക് | 380/22-23 | 4 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 10 | പാലമൂട്ടിൽ ഇന്റസ്ട്രീയൽ,ആനക്കല്ല് | 367/22-23 | 3 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| 11 | A Rഇന്റസ്ട്രി | 148/22-23 | 3 | | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 12 | ക്ലാസിക് ബിൽഡിംഗ് മെറ്റാരിയൽസ് | 182/22-23 | 4 | | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 13 | പോപ്പി സൂപ്പർമാർക്കറ്റ് | 164/22-23 | 5 | | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 14 | AK ഗ്ലാസ് &പ്ലൈവുഡ് | 70/22-23 | 4 | | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 15 | DS പെട്രോളിയം,ആനക്കല്ല് | 3/22-23 | 9 | | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |

മേൽ പരാമർശിച്ചത് പ്രകാരമുള്ള, കൂടുതൽ ആളുകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും ജോലിക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ ആവശ്യപ്പെട്ട് വിവരങ്ങളുടെ കൃത്യത പരിശോധിച്ച് വരുമാനത്തിനനുസരിച്ചുള്ള ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കാവുന്നതും സ്ഥാപനങ്ങൾ നിയമം പാലിക്കുന്നു എന്ന് ഉറപ്പ് വരുത്താവുന്നതുമാണെന്നിരിക്കെ ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 30/28.11.2023 ന് മറുപടി ലഭ്യമാക്കിയില്ല.തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം

2022-23വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റിനു വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-67376850146) 01.04.22 ന് 14,92,395/- രൂപ മുൻബാക്കിയും 31.3.2023 ന് 1,77,43,733/- രൂപ നീക്കിയിരിപ്പും ഉണ്ട്. പാസ് ബുക്ക് ബാലൻസ് യഥാക്രമം 14,91,241/- രൂപ ,1,77,38,663/- രൂപ. 31.10.2023 ന് ഈ അക്കൗണ്ടിൽ 1,05,41,873/- രൂപ നീക്കിയിരിപ്പുണ്ട്.പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ ഭീമമായ തുക നിലനിർത്തിയത് പലിശയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്. ധനമാനേജ്മെന്റിലെ വീഴ്ച കാരണം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട് . കറന്റ് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക എസ് ബി അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/24.11.23)

നികുതി നികുതിയേതര വരവുകൾ തനത് ഫണ്ട് എസ് ബി അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി .കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നീക്കിയിരിപ്പായി അവശേഷിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ഫിറ്റ്നസ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.16 ലെ 792455/ഇ.ഡബ്ല്യ 3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രീ പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/ നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവരിക്കേണ്ടതാണ് എന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ / സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ മേധാവി നടപടി സ്വീകരിച്ച് ഉറപ്പാക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചാത്ത് പരിധിയിലുള്ള ഹോളി എയ്ഞ്ചൽസ് പബ്ലിക്ക് സ്കൂളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ 2022-23 വർഷത്തേക്ക് ഫിറ്റ്നസ് നൽകിയ സ്കൂളുകളുടെ ഫയൽ പരിശോധിച്ചതിൽ ഈ സ്കൂൾ ഗ്രാമപഞ്ചായത്തിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടാതെയാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമായി.അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/29.11.23) മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതും ആയതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-16 മൊബൈൽ ടവറിന്റെ നമ്പറിംഗ്/പെർമിറ്റ് അപാകത

സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്, പി.കെ ടവർ, മാമംഗലം, പാലാരിവട്ടം, കൊച്ചി-24 എന്ന സ്ഥാപനം, കുറുമ്പലങ്ങോട് വില്ലേജിലെ പാതാർ എന്ന സ്ഥലത്ത് വാർത്താവിനിമയ ഗോപുരം നിർമ്മിക്കുന്നതിനുള്ള പെർമിറ്റിന് വേണ്ടി 04.03.2021 ന് ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചു. അപേക്ഷ പ്രകാരം 10,000/- രൂപ പെർമിറ്റ് ഫീസ് ഈടാക്കി 19.03.2021 ന് A3-BA(75207/2021) നമ്പർ പ്രകാരം ഗ്രാമപഞ്ചായത്ത് പെർമിറ്റ് അനുവദിക്കുകയും ചെയ്തു. ടവർ നിർമ്മാണം പൂർത്തീകരിച്ച് 16.08.2022 ന് കംപ്ലീറ്റഡ് പ്ലാൻ സഹിതം ഒക്കുപ്പൻസിക്ക് അപേക്ഷ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 02.11.2022 ന് നികുതി നിർണ്ണയിച്ച് 14/248 B എന്ന നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷ നമ്പർ | A3-1810/2021<br>/06-03-2021 |
| ഫയൽ നമ്പർ | A31810/21<br>04-03-21 |

<table>
<tr><td>പെർമിറ്റ് നമ്പർ</td><td colspan="2">A3-BA(75207)/2021<br>19-03-2021</td></tr>
<tr><td>വില്ലേജ്</td><td colspan="2">കുറുമ്പലങ്ങോട്</td></tr>
<tr><td>ഒക്ക്യൂപ്പൻസി അനുവദിച്ച തീയ്യതി</td><td colspan="2">1-4-2022</td></tr>
<tr><td>സർവ്വെ നമ്പർ</td><td colspan="2">US</td></tr>
<tr><td rowspan="4">അപേക്ഷ പ്രകാരമുള്ള വിസ്തീർണം</td><td>ടവർ</td><td>21.62 ചമീ</td></tr>
<tr><td>DG റൂം</td><td>3.75ചമീ</td></tr>
<tr><td>OD CABINET</td><td>2.92ചമീ</td></tr>
<tr><td>ആകെ</td><td>28.92ചമീ</td></tr>
<tr><td>നികുതി നിർണയത്തിന് പരിഗണിച്ച വിസ്തീർണം</td><td colspan="2">21.62 ചമീ</td></tr>
<tr><td>അനുവദിച്ച നമ്പർ</td><td colspan="2">14/248B</td></tr>
</table>

എന്നാൽ ഈ ടവറിന് നികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 87(9) പ്രകാരം വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റ് കാലാവധി ഒരു വർഷമാണ്. ചട്ടപ്രകാരം പെർമിറ്റ് കാലാവധി 18.03.2022 ന് അവസാനിക്കുമായിരുന്നു. പെർമിറ്റിന്റെ കാലാവധി നീട്ടിക്കിട്ടുന്നതിന് അതിന്റെ സാധുതാ കാലാവധിയിൽ തന്നെ അപേക്ഷിക്കുന്ന പക്ഷം, ചട്ടം 87(12)അസൽ പെർമിറ്റിന്റെ നിലവിലുള്ള ഫീസിന്റെ 50% ഈടാക്കി പെർമിറ്റ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ പെർമിറ്റ് കാലാവധിക്ക് ശേഷമാണ് ഉപയോഗ സർട്ടിഫിക്കറ്റ് (28-10-22) നൽകിയിട്ടുള്ളതും,പൂർത്തീകരണ അപേക്ഷ( 16-8-22)സമർപ്പിച്ചിട്ടുള്ളതും. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2). തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 26.2.2022ലെ ആർ.ഡി.3/94/2020/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകളുടെ ടവറിന്റെ തറവിസ്തീർണം + ജനറേറ്റർ + മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണം എന്നതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി കണക്കാക്കണമെന്ന് സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. എന്നാൽ മേൽ പ്രകാരം വസ്തുനികുതി നിർണയിച്ച് നമ്പർ അനുവദിച്ചതിൽ ടവറിന്റെ തറവിസ്തീർണം മാത്രമാണ് നികുതി നിർണയത്തിന് പരിഗണിച്ചിട്ടുള്ളത്.

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/29.11.23) മറുപടി ലഭ്യമായില്ല.അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആയത് പരിഹരിക്കേണ്ടതുമാണ്.

## 1-17 കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം.

2011 ലെ വസ്തുനികുതിയും (സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനു ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതു ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

ശ്രീ. ദിനൂപ് എം, മങ്ങാട്ടുതൊടി എന്നവർക്ക് 2022-23 ൽ സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് ചുവടെ ചേർത്ത പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ലൈസൻസ് നം | ലൈസൻസ് അനുവദിച്ചത് | സ്ഥാപനത്തിന്റെ പേര് | വാർഡ്/കെട്ടിട നമ്പർ , തരം | കുറിപ്പ് |
|---|---|---|---|---|
| 306/2022-23 /s-1/400845 /RPTL19 | സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് | ഫ്രണ്ട്സ് സൂപ്പർ മാർക്കറ്റ് | 8/522AM, AN, AL, AK, AW, AV, AU, AO, BH, BI, BJ, AX, BA, AY, AZ, | സഞ്ചയയിൽ ഈ കെട്ടിടം ശ്രീ ഹാരിസ് എ, അമ്പായത്തിങ്ങൽ |

| | | | | |
|---|---|---|---|---|
| /GPO/925 | | | BB | എന്നവരുടെ പേരിലാണ്.<br>8/522AM-22.4ച മീ<br>8/522AN-22.4ച മീ<br>8/522AL-19.39ച മീ<br>8/522AK-19.39ച മീ<br>8/522AW-22.4ച മീ<br>8/522AV-22.4ച മീ<br>8/522AU-19.39ച മീ<br>8/522AO-19.39ച മീ<br>8/522BH-29.54ച മീ<br>8/522BI-33.2ച മീ<br>8/522BJ-33.2ച മീ<br>8/522AX-29.54ച മീ<br>8/522BA-33.2ച മീ<br>8/522AY-29.54ച മീ<br>8/522AZ-33.2ച മീ<br>8/522BB-29.54ച മീ<br>ആകെ=417.96ച മീ |

ഇത് സംബന്ധിച്ച അപാകത ചുവടെ ചേർക്കുന്നു.

മേൽ കെട്ടിട നമ്പറുകളിലായി ആകെ 417.96ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിലാണ് ടി സൂപ്പർ മാർക്കറ്റിന് ലൈസൻസ് അനുവദിച്ചത്. ഈ കെട്ടിട നമ്പറുകൾ സഞ്ചയയിൽ പരിശോധിച്ചതിൽ, 'വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന തരം ഗണത്തിലുൾപ്പെടുത്തി ച.മീ-ന് 50 രൂപ നിരക്കിൽ കണക്കാക്കി വസ്തു നികുതി നിർണ്ണയിച്ച കെട്ടിടത്തിലാണ് മേൽ സൂപ്പർ മാർക്കറ്റിന് ലൈസൻസ് അനുവദിച്ചിരിക്കുന്നത് എന്ന് കണ്ടു.

ചട്ടപ്രകാരമുള്ള തരം മാറ്റം വരുത്തി 'വാണിജ്യാവശ്യത്തിനുള്ളവ 200 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഗണത്തിലുൾപ്പെടുത്തി ച.മീറ്ററിന് 70 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച ശേഷമായിരുന്നു സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് ലൈസൻസ് അനുവദിക്കേണ്ടിയിരുന്നത്. അപ്രകാരം ചെയ്യാത്തത് കാരണം ചട്ടലംഘനത്തോടൊപ്പം വസ്തു നികുതിയിൽ 417.96x(70-50)=8359.2+ (20% വഴി വർദ്ധന) =10,031/- രൂപ നികുതി കുറവും സംഭവിക്കുന്നുണ്ട്. എന്നാൽ ചട്ടപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. ഓഡിറ്റ് എൻക്വയറിക്ക് (10/25.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിച്ച് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-18 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി- വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതിയിൽ 20% വർദ്ധനവ് നൽകേണ്ടതാണ്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ച ഫയലുകൾ പരിശോധിച്ചതിൽ മേൽചട്ടപ്രകാരമുള്ള നികുതി വർദ്ധനവ് വരുത്താത്തതിനാൽ നികുതിയിനത്തിൽ നഷ്ടം വന്നിട്ടുണ്ട്.

| കെട്ടിട നമ്പർ | ഉടമ/സർവ്വെ | കെട്ടിടനമ്പർ വിസ്തീർണ്ണം | കുറിപ്പ് |
|---|---|---|---|

| | | |
|---|---|---|
| കമലാസനൻ,ആട്ടത്തറ വടക്കേതിൽ<br>99/27-19<br>(.0165H) | (വാണിജ്യം)<br>31.7ച മീ<br>6/122B(15.85 ചമീ)<br>6/122A(15.85 ചമീ) | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് **8മീറ്റർ** വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്.2022-23 ഫസ്റ്റ് ഹാഫ് മുതൽ നികുതി പ്രാബല്ല്യം |

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/29.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകത പരിഹരിച്ച് നികുതി പുനർ നിർണ്ണയം നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-19 കെട്ടിടത്തിന്റെ തരം/ഉപയോഗ ക്രമം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ലൈസൻസ് അനുവദിക്കുമ്പോൾ ഗ്രാമപഞ്ചായത്ത് ഒക്കുപ്പൻസി അനുവദിച്ച/നികുതി നിർണ്ണയിച്ച അതേ ആവശ്യത്തിന് ഉപയോഗിക്കുന്നതിന് തന്നെയാണോ ലൈസൻസ് അനുവദിക്കുന്നത് എന്നത് പ്രത്യേകം പരിശോധിക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത ലൈസൻസുകൾ അനുവദിച്ചപ്പോൾ മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പാർപ്പിട കെട്ടിടത്തിൽ വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതായി കാണുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നം | ലൈസൻസ് അനുവദിച്ചതിന്റെ പ്രവർത്തനം | ലൈസൻസ് അനുവദിച്ച വാർഡ്/കെട്ടിട നമ്പർ , തരം |
|---|---|---|---|
| 1 | 148/22-23 | വ്യവസായം(വെൽഡിംഗ്) | 13/443-പാർപ്പിട കെട്ടിടം |
| 2 | 374/22-23 | പൊടിമിൽ നടത്തുന്നതിന് | 13/193-കൈത്തറി,കയർപിരി ഷെഡ് |
| 3 | 234/22-23 | ന്യൂട്രിമിക്സ് യൂണിറ്റ് | 9/204പാർപ്പിട കെട്ടിടം |
| 4 | 249/22-23 | ഹോസ്പിറ്റൽ | 7/413പാർപ്പിട കെട്ടിടം |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (20/28.11.2023) മറുപടി ലഭ്യമാക്കിയില്ല.അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നടപ്പ് വർഷത്തിലും ടി സ്ഥാപനം പ്രവർത്തിക്കുന്നതിനാൽ ടി സ്ഥാപനം ഉൾപ്പടെ പട്ടികയിലെ സ്ഥാപനങ്ങളുടെ കെട്ടിടം തരം മാറ്റുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകളിൽ വൻ തുക നിർജീവമായി കിടക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ നിലവിൽ 19 ബാങ്ക് അക്കൗണ്ടുകൾ നിലവിലുണ്ട്. ആയതിൽ താഴെ പറയുന്ന അക്കൗണ്ടുകളിൽ ഇടപാടുകൾ നടക്കുന്നതായി കാണുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര നം | അക്കൗണ്ട് നമ്പർ/ബാങ്ക് | ഉദ്ദേശം | 31-10-23 ലെ ബാലൻസ് | അവസാനമായി ഇടപാട് നടന്നത് |
|---|---|---|---|---|
| 1 | 109715/KGB | സാനിറ്റേഷൻ | 56,81,684 | 29-9-2022 |
| 2 | 11020/KGB | ജലനിധി | 26,19,975 | 2020-21 മുതൽ ഇടപാട് നടന്നിട്ടില്ല |
| 3 | 38179/KGB | ജലജീവൻ മിഷൻ | 1,35,753 | 4-1-22 ൽ ആരംഭിച്ച അക്കൗണ്ടിൽ ഇത് വരെ ഇടപാട് നടലന്നിട്ടില്ല |
| 4 | 99322/SBI | S S A | 2,56,137 | 2020-21 മുതൽ ഇടപാട് നടന്നിട്ടില്ല |

പ്രത്യേക പദ്ധതികൾക്ക് വേണ്ടി ആരംഭിച്ചതിൽ, ഇടപാടുകളില്ലാത്ത അക്കൗണ്ടുകളിൽ പ്രസ്തുത പദ്ധതികൾ അവസാനിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ അക്കൗണ്ടുകൾ ക്ലോസ് ചെയ്യാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തവയിലെ ബാലൻസ് തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറിക്ക് 34/29.11.2023 മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-21 വയോജനങ്ങൾക്ക് കട്ടിൽ ടെണ്ടർ കൂടാതെ വാങ്ങിയതിലെ അപാകത.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 162/23 |
| അടങ്കൽ തുക | 7,39,500 രൂപ. (വികസന ഫണ്ട് - ജനറൽ) |
| ചെലവഴിച്ച തുക | 7,39,211 രൂപ. |
| ബിൽ നമ്പർ / തീയതി | 22151952035501169104/09.02.2023 |

ഐ.സി.ഡി.എസ് സൂപ്പർ വൈസർ നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രോജക്റ്റ് ടെണ്ടർ നടപടികൾ പാലിക്കാതെ KADCO യിൽ നിന്ന് നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി KADCOയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതാണ്. (GO(RT) - 60/2017/SPD Dt.20.10.2017) ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ട സാധനങ്ങൾ പ്രസ്തുത ഉത്തരവിൽ രേഖപ്പെടുത്തിയ വിലയിൽ വിതരണം ചെയ്യുന്നതിനാണ് സർക്കാർ KADCOയ്ക്ക് അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ KADCOയിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാൻ പാടില്ല എന്നും മേൽ ഉത്തരവിൽ വ്യക്തമായി നിർദേശിച്ചിട്ടുണ്ട്.

എന്നാൽ മേൽ പ്രോജക്റ്റ് പ്രകാരം വാങ്ങിയ 198cm Length X 90cm Width, Front Leg 60cm Height, Back Leg 50cm Height, 8mm Thickness Plywood On Top - Specifications ഉള്ള കട്ടിലുകൾ മേൽ പരാമർശിക്കപ്പെട്ട ഉത്തരവ് പ്രകാരം ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ടവയല്ല. (ഇൻവോയ്സ് നമ്പർ. NRO/22-23/319 തീയതി, 31-12-2022) ചെലവ് തുക 7,39,211/- രൂപ തടസ്സം ചെയ്യുന്നു. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടത്തിയ വാങ്ങൾ നടപടിക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.
അപാകതക്ക് കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.22/29.11.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-22 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി – നിർമ്മാണം പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 44/23 |
| അടങ്കൽ തുക | 6,00,000 രൂപ. (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവഴിച്ച തുക | 3,50,000 രൂപ. |
| ബിൽ നമ്പർ / തീയതി | 22151952026800418419/11.08.2022 – 2,00,000 രൂപ.<br>22151952026800942781/20.12.2022 – 50,000 രൂപ.<br>22151952026801526949/28.03.2023 – 1,00,000 രൂപ. |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി. |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ ഓഡിറ്റ് തിയ്യതി വരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | പേര്, മേൽവിലാസം | അനുവദിച്ച തുക | |
|---|---|---|---|
| | | ബിൽ നമ്പർ / തിയ്യതി | തുക |
| 1 | സുരഭികൃഷ്ണ, D/o.സുരേഷ് ബാബു, വാക്കയിൽഹൗസ്, പാതാർ.പി.ഒ. | 22151952026800942781/20.12.2022 | 50,000 |
| | | 22151952026801526949/28.03.2023 | 50,000 |
| 2 | കൃഷ്ണ പ്രിയ.കെ, D/o.ശിവൻ, കാക്കനാടൻ, ഉപ്പട.പി.ഒ. | 22151952026801526949/28.03.2023 | 50,000 |

ഈ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതും നിർമ്മാണം പൂർത്തീകരിച്ച വിവരം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ :23/29.11.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

**1-23 ക്ലീൻ കേരള കമ്പനിക്ക് മാലിന്യം കയറ്റി അയക്കൽ – ജി എസ് ടി ഉൾപ്പെടെയുള്ള തുക അനുവദിച്ചു.**

| | |
|---|---|
| പ്രൊജക്ട് നമ്പർ | 01/23 |
| പ്രൊജക്ടിന്റെ പേര് | മെറ്റീരിയൽ കളക്ഷൻ സെന്ററിൽ നിന്നും മാലിന്യം സംസ്കരണ സ്ഥലത്തേക്ക് കൊണ്ടുപോകൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥ. | വി.ഇ.ഒ |
| അടങ്കൽ തുക | 7,00,000/- രൂപ. (ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ്) |
| ചെലവഴിച്ച തുക | 2,91,792/- രൂപ |
| വൗച്ചർ നമ്പർ / തീയതി (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | XVFC/2022-23/P/4 തീയതി. 08.08.2022 – 90,270/- രൂപ.<br>XVFC/2022-23/P/6 തീയതി. 30.12.2022 – 19,234/- രൂപ.<br>XVFC/2022-23/P/14 തീയതി. 06.03.2023 – 1,10,625/- രൂപ.<br>XVFC/2022-23/P/18 തീയതി. 29.03.2023 – 37,575/- രൂപ.<br>XVFC/2022-23/P/22 തീയതി. 30.03.2023 – 34,088/- രൂപ. |

പദ്ധതി പ്രകാരം 1,09,504/- രൂപ പുനരുപയോഗിക്കാവാനാത്ത മാലിന്യം കയറ്റിയയച്ചതിന് കിലോഗ്രാമിന് 10 രൂപ നിരക്കിൽ താഴെ പറയും പ്രകാരം ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ. | ഇൻവോയിസ് നമ്പർ & തീയതി | തുക |
|---|---|---|
| 1 | D22/SER 21-22/344 Dt: 10.11.2021 | 74,104/- രൂപ |
| 2 | D23/SER 22-23/66 Dt: 17.05.2022 | 16,166/- രൂപ |
| 3 | D23/SER 22-23/323 Dt: 01.09.2022 | 19,234/- രൂപ |

| | |
|---|---|
| ആകെ | 1,09,504/- രൂപ |

കിലോഗ്രാമിന് 10 രൂപ നിരക്കിന് പുറമെ 18% ജി.എസ്.ടി കൂടി കമ്പനിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പുനരുപയോഗസാദ്ധ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്ന സേവനം സ്വീകരിക്കുന്നത് ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനമായതിനാലും അത്തരം മാലിന്യങ്ങൾ നീക്കം ചെയ്യൽ ഗ്രാമപഞ്ചായത്തിന്റെ ഭരണഘടനാപരമായ ബാദ്ധ്യത ആയതിനാലും, ഈ സേവനം സർക്കുലർ നമ്പർ.51/25/2018-GST Dt: 31.07.2018 ലെ Sl.No. 25(9) & Sl.No.3 പ്രകാരം നികുതി വിമുക്തമാണ്. പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്നതിന് ഭാവിയിൽ നൽകുന്ന തുകയിൽ ജി എസ് ടി ഉൾപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 25/29.11.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-24 ഇഎംഎസ് ഭവനപദ്ധതി ചെലവഴിക്കാത്തപണം കറന്റ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു

ദാരിദ്ര്യരേഖക്ക് താഴെയുള്ള ഭവനരഹിതർക്ക് വേണ്ടി സംസ്ഥാനതലത്തിൽ ആവിഷ്കരിച്ച് 2009-2010 മുതൽ നടപ്പിൽ വരുത്തിയ ഇഎംഎസ് ഭവനപദ്ധതിയുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവരുടെ പേരിൽ പോത്തുകല്ല് സർവ്വീസ് സഹകരണ ബാങ്കിൽ 31.3.2010 ന് തുടങ്ങിയ 001001000018 നമ്പർ കറന്റ് അക്കൗണ്ടിൽ 7.2.2019 മുതൽ 574395 രൂപ ചെലവഴിക്കാതെ ബാലൻസ് ഉണ്ട്. ഇഎംഎസ് ഭവനപദ്ധതിയുടെ നിർവ്വഹണ കാലയളവ് 31.3.2012 വരെ ആയിരുന്നു. കൂടാതെ ഈ പദ്ധതിയുടെ സമാന ലക്ഷ്യങ്ങളോടെ 2016-17 മുതൽ ലൈഫ് ഭവന പദ്ധതി നിലവിൽ വരികയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/23.11.2023) നൽകിയ മറുപടിയിൽ ഇഎംഎസ് ഭവനപദ്ധതിക്ക് പോത്തുകല്ല് സർവ്വീസ് സഹകരണ ബാങ്കിൽനിന്ന് എടുത്ത വായ്പ മുഴുവൻ തിരിച്ചടവാക്കിയതായും ഈ കറന്റ് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചു. തുടർനടപടി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-25 സുലേഖ പ്രകാരമുള്ള ചെലവ് പത്രികയിൽ യഥാർത്ഥ കണക്ക് പ്രതിഫലിക്കുന്നില്ല.

പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ പദ്ധതി നിർവ്വഹണത്തിന്റെ സുലേഖ പ്രകാരമുള്ള ചെലവ് പത്രികയിൽ യഥാർത്ഥ കണക്കുകൾ പ്രതിഫലിക്കുന്നില്ല. ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേരും നമ്പറും | നിർവ്വഹണ ഉദ്യോഗസ്ഥൻ | സുലേഖ പ്രകാരമുള്ള ചെലവ് | യഥാർഥ ചെലവ് |
|---|---|---|---|
| 215/23- ഹോമിയോ ഹോസ്പിറ്റൽ റോഡ് പുനരുദ്ധാരണം പൂർത്തീകരണം | അസിസ്റ്റന്റ് എഞ്ചിനീയർ | 637740 (ധനകാര്യ കമ്മീഷൻ അവാർഡ്) | ഇതിന് 2022-23ൽ ചെലവ് വന്നിട്ടില്ല. ഈ ചെലവ് ഉൾപ്പെടുത്തിയാൽ 2022-23 ൽ CFC(untied) ആകെ വരവ് 63,80,266 രൂപയും ആകെ ചെലവ് 65,33,557 രൂപയുമാകും (വ്യത്യാസം - 153291) വരവിനേക്കാൾ കൂടുതൽ ചെലവ് വരുന്നുണ്ട് |

അപാകതയുടെ കാരണം വ്യക്തമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 33/29-11-23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-26 ഡ്രൈനേജ് പ്രവൃത്തി -മണ്ണ് നീക്കുന്നതിന് ഉയർന്ന നിരക്ക് അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രവൃത്തികളിൽ ഡ്രൈനേജ് നിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്യുന്നതിന് ( Excavation In Cutting In Soil ) Mord Data 3.5.1 പ്രകാരം " Excavation In Cutting In Soil By Manual Means" അനുസരിച്ചുള്ള നിരക്കാണ് അനുവദിച്ച് നൽകിയത്.

Excavation In Cutting In Soil എന്ന പ്രവൃത്തിക്ക് Mord Data പ്രകാരം മൂന്ന് വ്യത്യസ്ത നിരക്കുകൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

| ഇനം | കരാർ പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക് നിരക്ക് (36.44% Cost Index ) |
|---|---|
| 3.5.1 - Excavation In Cutting In Soil By | 360.75/ M3 |

| | |
|---|---|
| Manual Means | |
| 3.5.2 - Excavation In Cutting In Soil By Using Dozer | 64.45/ M3 |
| 3.5.3 - Excavation In Cutting In Soil By Using Hydrolic Excavator | 36.47/ M3 |

മരാമത്ത് പ്രവൃത്തി നടത്തുമ്പോൾ ഗുണനിലവാരമുള്ള പ്രവൃത്തി ഏറ്റവും കുറഞ്ഞ ചെലവിൽ നടപ്പാക്കുകയാണ് ചെയ്യേണ്ടത്. അതിനാൽത്തന്നെ ഹൈഡ്രോളിക് എക്സ്കവേറ്റർ ഉപയോഗിക്കാൻ സാധിക്കുന്ന പ്രവൃത്തികളിൽ അതനുസരിച്ചുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളിൽ റോഡ് സൈഡിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിന് മണ്ണ് നീക്കുന്നതിന് MoRD Data 3.5.1 എന്നിവ പ്രകാരം മനുഷ്യാധ്വാനം ഉപയോഗിച്ച് മണ്ണ് നീക്കുന്നതിനുള്ള നിരക്ക് അനുവദിച്ച നൽകിയിട്ടുണ്ട്. യന്ത്ര സംവിധാനം ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിന് സാധിക്കുന്ന പ്രവൃത്തികളിൽ അത് ഉപയോഗിച്ച് പ്രവൃത്തി ചെയ്ത് ആയതിനുള്ള നിരക്കായിരുന്നു അനുവദിച്ച് നൽകേണ്ടിയിരുന്നത്. എന്നാൽ മേൽ പ്രവൃത്തികളിൽ ഉയർന്ന നിരക്കുള്ള Excavation In Cutting In Soil By Manual Means എന്ന നിരക്കാണ് അനുവദിച്ച് നൽകിയത്. പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| SL No. | പ്രവൃത്തിയുടെ വിവരം | മണ്ണിന്റെ അളവ് | പ്രവൃത്തിക്കായി നൽകിയ തുക @ 360.75 | പ്രവൃത്തിക്കായി നൽകാവുന്ന തുക @ 36.47 | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | 7/23, പോത്തുകല്ല് റിംഗ് റോഡിന് അഴുക്ക് ചാൽ നിർമാണം<br>കരാറുകാരൻ - ശ്രീ സഫീർ മോൻ<br>സാങ്കേതികാനുമതി നമ്പർ : 30089/2022/2-9-22<br>കരാർ - 11/22-23/14-11-22<br>Estimate Amount : 845600(CFC)<br>Expenditure :632547<br>വൗച്ചർ: XVFC/22-23 /P/21/29-3-22 | 129.058 Cum | 34871.47 (@ 270.20 QUOTED RATE) | 4706.74 | 30164.72<br>(+) GST 18%=5429.65<br>Total: 35594 |
| 2 | 6/23, ചാത്തമുണ്ട ചീത്ത്കല്ല് റോഡിന് അഴുക്ക് ചാൽ നിർമാണം<br>കരാറുകാരൻ - ശ്രീ മാത്തുക്കുട്ടി<br>സാങ്കേതികാനുമതി നമ്പർ : 30106/2022/26-10-22<br>കരാർ - 23/22-23/6-2-23<br>Estimate Amount : 80000(CFC)<br>Expenditure :718638<br>വൗച്ചർ: XVFC/22-23 /P/16/24-3-23 | 112.886 Cum | 40723.62 | 4116.95 | 36606.66<br>(+) GST 18%=6589.20<br>Total: 43196 |
| 3 | 6/23, ചളിക്കൽ മുറംഉക്കി റോഡിന് അഴുക്ക് ചാൽ നിർമാണം<br>കരാറുകാരൻ - ശ്രീ അൻസാർ<br>സാങ്കേതികാനുമതി നമ്പർ : | 136.36 Cum | 35516.33 (@ 260.46/M3, Quoted Rate) | 4973.04 | 30543.28<br>(+) GST 18%=5497.79<br>Total: 36041 |

| | | | | | |
|---|---|---|---|---|---|
| | 32659/2022/26-10-22<br>കരാർ - 6/22-23/10-11-22<br>Estimate Amount : 80000(CFC)<br>Expenditure :571856<br>വൗച്ചർ: XVFC/22-23 /P/10/8-2-23 | | | | |
| 4 | 213/23, ചേന്നംപൊട്ടി ടാറിംഗ്, റോഡ് സൈഡ് സംരക്ഷണം<br>കരാറുകാരൻ - ശ്രീ മാത്തുക്കുട്ടി<br>സാങ്കേതികാനുമതി നമ്പർ : 2096/2023/11.1.23<br>കരാർ - 39/22-23/7-3-23<br>Estimate Amount : 385000(MG-NR)<br>Expenditure :309063<br>വൗച്ചർ: 22151952035601533724/28-3-23 | 46.720 Cum | 16854.24 | 1703.87 | 15150.36<br>(+) GST 18%=2727.06<br>Total: 17877 |
| 5 | 8/23, ആനക്കല്ല് SNP റോഡിന് അഴുക്ക് ചാൽ നിർമാണം<br>കരാറുകാരൻ - ശ്രീ മുഹമ്മത് അലി<br>സാങ്കേതികാനുമതി നമ്പർ : 30101/2022/2-9-22<br>കരാർ - 2/22-23/9-11-22<br>Estimate Amount : 610200(CFC)<br>Expenditure :448908<br>വൗച്ചർ: XVFC/22-23 /P/15/20-3-23 Rs. 444546<br>വൗച്ചർ: XVFC/22-23 /P/22/31-3-23 Rs. 4362 | 107.74 Cum | 28753.65 (@ 266.88/M3, Quoted Rate) | 3929.27 | 24824.37<br>(+) GST 18%=4468.38<br>Total: 29293 |
| 6 | 60/23, അമ്പിട്ടാൻപൊട്ടി ശാന്തിഗ്രാം റോഡിന് അഴുക്ക് ചാൽ നിർമാണം<br>കരാറുകാരൻ - ശ്രീ ഉബൈദുള്ള<br>സാങ്കേതികാനുമതി നമ്പർ : 6915/2022/2-9-22<br>കരാർ - 2/22-23/27-2-22<br>Estimate Amount : 500000(CFC)<br>Expenditure :484242<br>വൗച്ചർ: XVFC/22-23 /P/18/31-12-22 | 84.63 Cum | 30528.58 (@ 266.88/M3, Quoted Rate) | 3086.45 | 27442.12<br>(+) GST 12%=3293.05<br>Total: 30735 |
| | ആകെ | 617.394m3 | | | 192736 രൂപ |

യന്ത്രസംവിധാനമുപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിന് സാധിക്കുന്ന സ്ഥലങ്ങളിൽ യന്ത്ര സംവിധാനമുപയോഗിച്ച്

മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ഇനം ഉപയോഗിക്കാതെ ഉയർന്ന നിരക്കുള്ള ഇനം പ്രവൃത്തി എസ്റ്റിമേറ്റിൽ അനുവദിച്ച് നൽകിയതിനും അതുവഴി പ്രവൃത്തിക്ക് അധികത്തുക നൽകിയതിനും വിശദീകരണം നൽകേണ്ടതാണ്.

കൂടാതെ മേൽ പ്രവത്തികളിൽ നിന്നും ആകെ 617.394m3 മണ്ണ് കിളച്ച് മാറ്റിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്ത് വിനിയോഗിച്ചതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 14/28-11-23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-27 രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

താഴെ പറയുന്ന ചെലവിന്റെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. വിശദാംശം താഴെ കൊടുക്കുന്നു

| ക്ര നം | പ്രവൃത്തിയുടെ പേര് | ഫണ്ട് | തുക | ബിൽ നം. |
|---|---|---|---|---|
| 1 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ, 232/23 | വികസനഫണ്ട്(G) | 20400 | 342/16-3-23 |

മേൽ ചെലവിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 16/28-11-23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-28 ഔഷധ സസ്യ കൃഷി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 113/23 |
| പദ്ധതിയുടെ പേര് | ഔഷധ സസ്യ കൃഷി. |
| അടങ്കൽ തുക | 50,000 രൂപ. (വികസന ഫണ്ട് - ജനറൽ) |
| ചെലവഴിച്ച തുക | 33,900 രൂപ. |
| ബിൽ നമ്പർ / തീയതി | BRN:22151952036101379949/16.03.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |

ഔഷധ സസ്യ കൃഷി എന്ന പദ്ധതി പ്രകാരം താഴെ പറയുന്ന 17 കർഷകർ മറ്റ് കർഷകരിൽ നിന്ന് മഞ്ഞൾ വിത്ത് നേരിട്ട് വാങ്ങി ഹാജരാക്കിയ വൗച്ചറുകൾ പ്രകാരം കർഷകരുടെ അക്കൗണ്ടിലേക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | പേര് | അക്കൗണ്ട് നമ്പർ. | തുക |
|---|---|---|---|
| 1 | സൂസമ്മ മാത്യു | 40158100420075 | 4,000/- |
| 2 | ഏലിയാസ് | 40158100109086 | 1,000/- |
| 3 | വിജയൻ.ടി.ബി | 40158100104158 | 1,000/- |
| 4 | ജോസഫ് | 67102468228 | 2,000/- |
| 5 | റജിന ജോളി | 40158100104854 | 1,000/- |
| 6 | ഉസ്മാൻ.കെ | 40158101082834 | 2,000/- |
| 7 | കുട്ട്യാലി | 401581001085563 | 3,000/- |
| 8 | നിസാർ ബീഗം | 40158101018264 | 2,000/- |
| 9 | ഗോപാലൻ | 40158100108423 | 2,000/- |
| 10 | തമ്പി | 37447943024 | 2,000/- |
| 11 | രാജീവ് | 0857101078070 | 3,000/- |
| 12 | ബിനിൽ വർക്കി.കെ | 40158100111252 | 2,000/- |
| 13 | ഷംസുദ്ധീൻ.സി.എം | 4015810118309 | 900/- |
| 14 | പ്രദീപ്.പി.സി | 67190468835 | 3,000/- |
| 15 | ടിൻസി തോമസ് | 40658101116122 | 1,000/- |
| 16 | ജയൻ.വി.ആർ | 67112755652 | 2,000/- |
| 17 | ഐസക് | 40158100420990 | 2,000/- |
| ആകെ | | | 33,900/- |

ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). 2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി.28.05.2022) ഖണ്ഡിക 6.1.4 പ്രകാരം വിത്തുകൾ വാങ്ങി കൃഷിഭവൻ/ഇക്കോഷോപ്പ് വഴി വിതരണം ചെയ്യണം. എന്നാൽ ഈ പദ്ധതി പ്രകാരം കർഷകർ നേരിട്ട് വാങ്ങലുകൾ നടത്തുകയാണ് ചെയ്തിട്ടുള്ളത്.

2). ക്രമനമ്പർ. 2, 4, 5, 6, 9, 14, 15, 16 പ്രകാരമുള്ള ഗുണഭോക്താക്കൾ ഒഴികെയുള്ളവർ ഹാജരാക്കിയ ബ്ലാങ്ക് വൗച്ചറുകൾ (വിത്തിന്റെ തൂക്കം, വില, നിരക്ക്, വാങ്ങിയ ആളുടെ പേര് എന്നിവയൊന്നും രേഖപ്പെടുത്താത്ത പ്രിന്റഡ് വൗച്ചർ ഫോം) പ്രകാരമാണ് നിർവ്വഹണ ഉദ്യോഗസ്ഥ തുക പാസാക്കിയിട്ടുള്ളത്. ഈ ഗുണഭോക്താക്കൾക്ക് സബ്സിഡി കണക്കാക്കിയത് എപ്രകാരമാണ് എന്ന് വ്യക്തമല്ല.

3). വൗച്ചർ ഹാജരാക്കിയ ക്രമനമ്പർ. 2, 4, 5, 6, 9, 14, 15 പ്രകാരമുള്ള ഗുണഭോക്താക്കൾ ഒരു കിലോ ഗ്രാമിന് 50 രൂപ നിരക്കിലാണ് വിത്ത് വാങ്ങിയിട്ടുള്ളത്. എന്നാൽ ക്രമനമ്പർ.16 പ്രകാരമുള്ള ഗുണഭോക്താവ് 100 രൂപ നിരക്കിലാണ് വിത്ത് വാങ്ങിയിട്ടുള്ളത്.

4). വിത്തുകളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കേണ്ടതാണ്. എന്നാൽ 01.07.2022 ന് ചേർന്ന യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിനുള്ള ജില്ലാതല സമിതി യോഗത്തിന്റെ നടപടി ക്രമങ്ങൾ (നം.1212/2021-22/ഡി.പി.സി /ഡി.പി.ഒ/എം.പി.എം) പ്രകാരം യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളവയിൽ മഞ്ഞൾ വിത്തിന്റെ നിരക്ക് ഉൾപ്പെട്ടതായി കാണുന്നില്ല.

5). അപേക്ഷകളും അനുബന്ധ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 33,900/- രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ : 28/29.11.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-29 ഹരിതകർമ്മസേന - പ്രവർത്തനാവലോകനം.

**I). ആമുഖം**

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് മാലിന്യ സംസ്കരണം. ജൈവ, അജൈവ മാലിന്യങ്ങൾ, ഖര, ദ്രവ, വാതക മാലിന്യങ്ങൾ എന്നിങ്ങനെ വിവിധ തരം മാലിന്യങ്ങൾ ഉണ്ടെങ്കിലും പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ നിലവിലെ സ്ഥിതി പരിഗണിക്കുമ്പോൾ ദ്രവ, വാതക മാലിന്യങ്ങൾ ഗൗരവതരമായ ഒരു പ്രശ്നമല്ല.

നിലവിലെ അവസ്ഥയിൽ ജൈവ, അജൈവ ഖര മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ആണ് പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടത്. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് പഞ്ചായത്ത് നടപ്പിലാക്കി വരുന്നത്. ഗ്രാമ പ്രദേശമായതിനാൽ ഉറവിട ജൈവ മാലിന്യ സംസ്കരണം ഏറെക്കുറെ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നുമുണ്ട്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങളുടെ സംസ്കരണമാണ് നിലവിൽ ഗ്രാമപഞ്ചായത്ത് നേരിടുന്ന ഗൗരവമായ വെല്ലുവിളി.

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി അജൈവ മാലിന്യ നിർമാർജ്ജനം ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കേരള മിഷൻ, കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിനിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ 2022-23 വരെയുള്ള പ്രവർത്തനം പരിശോധിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

**II). ഹരിത കർമ്മസേന – അടിസ്ഥാന വിവരങ്ങൾ.**

- 2019 സെപ്റ്റംബറിലാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. നിലവിൽ 16 അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ ഉള്ളത്. 17 വാർഡുകൾ ഉള്ള ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേനാംഗങ്ങൾ ഒരുമിച്ച് എല്ലാ വാർഡുകളിലും മാലിന്യ ശേഖരണം നടത്തുന്ന രീതിയാണ് നിലവിലുള്ളത്.

- വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയുമാണ് യൂസർ ഫീ നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ 7361 വീടുകൾ, 415 കടകൾ എന്നിവ ഹരിത കർമ്മസേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.
- ഹരിത കർമ്മസേന അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട്, സെക്രട്ടറി, എന്നിവരുടെ നേതൃത്വത്തിലാണ് ഹരിതകർമ്മസേന പ്രവർത്തനങ്ങൾ നടത്തുന്നത് കാനറാ ബാങ്ക് വെറ്റിലപ്പാറ ശാഖയിലെ അക്കൗണ്ടിലൂടെയാണ് സാമ്പത്തിക ഇടപാടുകൾ നടത്തിവരുന്നത്.
- ഹരിത കർമ്മസേനയുടെ പ്രധാന വരുമാന മാർഗ്ഗം യൂസർഫീ ,സ്ക്രാപ്പ് സെയിൽസ് എന്നിവയാണ്.
- പോത്തുകല്ല് ഗ്രാമപ്പഞ്ചായത്തിന്റെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് അന്തിമ ബൈലോ 13.06.2022 ലെ തീരുമാനം പ്രകാരം പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതാണ്.

**III). അടിസ്ഥാന സൗകര്യങ്ങൾ.**

ഹരിത കർമ്മസേന പ്രവർത്തനം സംന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം) തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ 1000 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണമുള്ള എം.സി.എഫുകൾ നിർമ്മിക്കുകയോ വാടകക്ക് ഏർപ്പെടുത്തിയിരിക്കുകയോ വേണം. (12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ ). ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരം തിരിക്കുന്നത് സ്വന്തം കെട്ടിടത്തിലാണ്.

ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ എം.സി.എഫ് കളിൽ എത്തിക്കുന്നതിന് വാഹനം വാടകയ്ക്ക് ഉപയോഗിക്കുകയാണ് ചെയ്യുന്നത്.

**IV). പ്രവർത്തനങ്ങൾ.**

**I). മാലിന്യ ശേഖരണം / കയ്യൊഴിക്കൽ**

ഹരിതകർമ്മസേനയിലെ അംഗങ്ങൾ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ വാടക വാഹനങ്ങൾ ഉപയോഗിച്ച് MCF ലേക്ക് എത്തിക്കുകയും അവിടെ വച്ച് തരം തിരിച്ച് വില്പന നടത്താവുന്നവ വില്പന നടത്തുകയും മറ്റുള്ളവ റിജക്ടഡ് വേസ്റ്റ് കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് നൽകി കൈയൊഴിക്കുകയുമാണ് ചെയ്യുന്നത്.

2022-23 സാമ്പത്തിക വർഷത്തിൽ ആകെ 33585 Kg റിജക്ടഡ് വേസ്റ്റ് ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, ഗ്രീൻവേം എന്നീ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. സ്ക്രാപ്പ് വില്പനയിലൂടെ ₹ 2,14,180/- യും യൂസർഫീ ഇനത്തിൽ ₹ 6,60,687/- യും ഹരിതകർമ്മസേനക്ക് ലഭിച്ചിട്ടുണ്ട്. റിജക്ടഡ് വേസ്റ്റ് കൊണ്ടുപോകുന്നതിന് 2022-23 ൽ ₹2,91,792/- പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

**Ii). യൂസർ ഫീ കളക്ഷൻ**

അജൈവ മാലിന്യം ശേഖരിക്കുന്നതിന് ഉണഭോക്താക്കളിൽ നിന്ന് യൂസർ ഫീ കളക്ട് ചെയ്യുന്നതിന് രസീത് നൽകുന്നുണ്ട്. അതിനാൽത്തന്നെ യൂസർ ഫീ നൽകാത്തവരെ കണ്ടെത്തുന്നതിനും അവർക്കെതിരെ സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നുണ്ട്.

**III). വരുമാന മാർഗ്ഗങ്ങൾ**

യൂസർ ഫീ, സ്ക്രാപ്പ് വില്പന എന്നീ ഇനങ്ങളിൽ ലഭിക്കുന്ന വരവ് മാത്രമാണ് പഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ വരുമാന മാർഗ്ഗങ്ങൾ. സാധാരണ വരുമാന മാർഗ്ഗങ്ങളായ യൂസർഫീ, സ്ക്രാപ്പ് വില്പന വരവ് എന്നിവയ്ക്ക് പുറമെ ഹരിത കർമ്മസേനയുടെ വരുമാന മാർഗ്ഗങ്ങളായി നടപ്പിലാക്കാവുന്ന വിവിധ പ്രവർത്തനങ്ങൾ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മാലിന്യ ശേഖരണം എന്നതിലുപരി ഇതിനെ ഒരു സംരംഭമായി വളർത്തി മാന്യമായ തൊഴിൽ മേഖലയാക്കി മാറ്റുന്നതിന് സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതുണ്ട്.

**IV). ചെലവിന്റെ വിവരം.**

2022-23 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ട് | ചെലവ് | കുറിപ്പ് |
|---|---|---|
| 94/23 -വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകൽ. | 119713 | ഹരിത കർമ്മസേനാംഗങ്ങളുടെ വേതനം. |
| 41/23 – ഹരിത കർമ്മ സേനക്ക് ചാക്ക് വാങ്ങൽ. | 299992 | തുണി സഞ്ചി വാങ്ങി നൽകിയതിന്റെ ചെലവ്. |
| 1/23 – മെറ്റീരിയൽ കളക്ഷൻ സെന്ററിൽ നിന്നും മാലിന്യം സംസ്കരണ സ്ഥലത്തേക്ക് കൊണ്ട് പോകൽ. | 291792 | റിജക്ടട് വേസ്റ്റ് ഒഴിവാക്കുന്നതിന്. |

| | | |
|---|---|---|
| 161/23 – ഹരിത കർമ്മസേനക്ക് ഫർണിച്ചർ വാങ്ങൽ. | 11200 | ഹരിത കർമ്മസേനക്ക് ടേബിൾ വാങ്ങിയത്. |

**V). രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ്.**

ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്.

**VI). ശുപാർശകൾ.**

- ഹരിത കർമ്മസേനയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് എല്ലാ വാർഡുകളിലും ആവശ്യമായ Mini MCF, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് നടപടികൾസ്വീകരിക്കുക.
- ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉത്തരവിൽ പരാമർശിച്ച പ്രവർത്തനങ്ങളിൽ അനുയോജ്യമായവ ഹരിത കർമ്മസേന മുഖേന നടപ്പിലാക്കുക.
- ഹരിത കർമ്മ സേനയുടെ പ്രവർത്തനം സർക്കാർ നിർദ്ദേശപ്രകാരം സുഗമമായും സുതാര്യമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- മാലിന്യസംസ്കരണത്തിന് പൊതു ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും, മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

## 1-30 സർക്കാർ ഉത്തരവിനു വിരുദ്ധമായി സിഡ്കോയിൽ നിന്നും വാങ്ങൽ നടത്തി

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റ് - 23/23 |
| അടങ്കൽ തുക | 80,00,000/- രൂപ |
| ചെലവഴിച്ച തുക | 73559/- |
| ബിൽ നമ്പർ / തീയതി | ബിൽ നമ്പർ-22151952035901507808/28.03.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി |

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പരിരക്ഷ പദ്ധതിയുടെ ഭാഗമായി ഹോസ്പിറ്റലിലേക്ക് ചുവടെ ചേർത്ത ഉപകരണങ്ങൾ ടെണ്ടർ നടപടികൾ പാലിക്കാതെ SIDCO യിൽ നിന്ന് നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി SIDCO യിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതാണ്. (സ്റ്റോർ പർചേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ജി ഒ (ആർ ടി) 26/2015/SPD തിയതി 28.05.2015, സ ഉ (സാധാ) 97/2022/SPD തിയതി 23.12.2022) മേൽ ഉത്തരവിൽ ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ട സാധനങ്ങൾ പ്രസ്തുത ഉത്തരവിൽ അംഗീകരിക്കപ്പെട്ട വിലയിൽ വിതരണം ചെയ്യുന്നതിനാണ് സർക്കാർ SIDCOയ്ക്ക് അനുമതി നൽകിയിട്ടുള്ളത്. സർക്കാരിന്റെ പ്രത്യേകം അനുമതി നൽകാതെ ഒരു സാധനം SIDCO യിൽ നിന്ന് നേരിട്ട് വാങ്ങാൻ പാടില്ല എന്നും മേൽ ഉത്തരവിൽ വ്യക്തമായി നിർദേശിച്ചിട്ടുണ്ട്.

പ്രൊജക്റ്റ് നടപ്പിലാക്കിയതിന്റെ ഭാഗമായി സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (Invoice Numcer-MJRI/22-23/343dtd 22.03.23 തുക 73559/).

| ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് |
|---|---|---|
| BP Apparatus Digital | 1 | 2,400 |
| Stethescope | 1 | 14440 |
| Walker Folding | 5 | 9000 |
| Air Bed | 7 | 18,900 |
| Commen Wheel Chir | 4 | 36,800 |

പ്രൊജക്റ്റ് നടപ്പിലാക്കിയതിന്റെ ഭാഗമായി സിഡ്കോയിൽ നിന്ന് വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (Invoice Numcer-MJRI/22-23/343dtd 22.03.23 തുക 73559/).

| ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് |
|---|---|---|
| BP Apparatus Digital | 1 | 2,400 |

| | | |
|---|---|---|
| Stethescope | 1 | 1440 |
| Walker Folding | 5 | 1300 |
| Air Bed | 7 | 2700 |
| Commen Wheel Chir | 4 | 9200 |

മേൽ പട്ടികയിൽ ഉൾപ്പെട്ട ഉപകരണങ്ങൾ മേൽ ഉത്തരവിന്റെ അനുബന്ധമായി ചേർത്ത ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ആയവ സിഡ്‌കോയിൽ നിന്നു നേരിട്ട് പർചേസ് ചെയ്യുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/28.11.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-31 വെറ്റിലക്കൃഷിക്ക് ധനസഹായം – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 114/23 |
| പദ്ധതിയുടെ പേര് | വെറ്റിലക്കൃഷിക്ക് ധനസഹായം. |
| അടങ്കൽ തുക | 30,000 രൂപ. (വികസന ഫണ്ട് - ജനറൽ)<br>10,000 രൂപ. (ഗുണഭോക്തൃവിഹിതം) |
| ചെലവഴിച്ച തുക | 40,000 രൂപ. |
| ബിൽ നമ്പർ / തീയതി | BRN:221519520036100917964/16.12.2022 – 30,000 രൂപ.<br>ചെക്ക് നമ്പർ. 111972/25.03.2023 – 10,000 രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |

വെറ്റിലക്കൃഷിക്ക് ധനസഹായം എന്ന പദ്ധതി പ്രകാരം താഴെ പറയുന്ന ഇനങ്ങൾ VFPCK യിൽ നിന്നും വാങ്ങി വെറ്റില കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 1 | വേപ്പിൻപിണ്ണാക്ക് (10 Kg Bag) | 40 Nos (400 Kg) | 370/Bag | 14,800/- |
| 2 | കടലപ്പിണ്ണാക്ക് (2 Kg Bag) | 40 Nos (80 Kg) | 140/Bag | 5,600/- |
| 3 | കടലപ്പിണ്ണാക്ക് (5 Kg Bag) | 40 Nos (200 Kg) | 335/Bag | 13,400/- |
| 4 | സ്യൂഡോമോണസ് (250 Ml) | 40 Nos. | 100/Bottle | 4,000/- |
| 5 | വേപ്പെണ്ണ (100 Ml) | 40 Nos. | 55/Bottle | 2,200/- |
| ആകെ | | | | 40,000/- |

ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). 2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി.28.05.2022

ഖണ്ഡിക 6.1.1 പ്രകാരം കേരള കാർഷിക സർവ്വകലാശാല, റെയ്ഡ്കോ, കയർഫെഡ്, എഫ്.പി.ഒ എന്നിവയിലെ ജൈവ വളങ്ങളോ കാർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങളോ വാങ്ങി വിതരണം ചെയ്യാവുന്നതാണ്. ഖണ്ഡിക 6.1.3 എന്നിവ പ്രകാരം കേരള കാർഷിക സർവ്വകലാശാല, റെയ്ഡ്കോ, കയർഫെഡ്, എഫ്.പി.ഒ എന്നിവയിലെ ജൈവ/ജീവാണു കീടനാശിനികൾ, കാർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന ജൈവ/ജീവാണു കീടനാശിനികൾ പർച്ചെയ്സ് കമ്മിറ്റിയുടെ തീരുമാന പ്രകാരം വാങ്ങൽ നടപടിക്രമം പാലിച്ച് വാങ്ങി വിതരണം ചെയ്യേണ്ടതാണ്. എന്നാൽ ഈ പദ്ധതി പ്രകാരം ജൈവവളങ്ങളും ജൈവ/ജീവാണു കീടനാശിനികളും ഖണ്ഡിക 6.1.1, 6.1.3 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ VFPCK യിൽ നിന്നും നേരിട്ട് വാങ്ങലുകൾ നടത്തുകയാണ് ചെയ്തിട്ടുള്ളത്.

2). സബ്സിഡി മാർഗ്ഗരേഖ പ്രകാരം ജൈവ വളങ്ങളുടേയും ജൈവ/ജീവാണു കീടനാശിനികളുടേയും യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 01.07.2022 ന് ചേർന്ന യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിനുള്ള ജില്ലാതല സമിതി യോഗത്തിന്റെ നടപടി ക്രമങ്ങൾ (നം.1212/2021-22/ഡി.പി.സി/ഡി.പി.ഒ/എം.പി.എം) പ്രകാരം യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളവയിൽ സ്യൂഡോമോണസ്, വേപ്പെണ്ണ എന്നിവയുടെ നിരക്കുകൾ ഉൾപ്പെട്ടിട്ടില്ല. കടലപ്പിണ്ണാക്കിന് നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് 55 രൂപ/കി.ഗ്രാം ആണ്. എന്നാൽ ഈ നിരക്കിനേക്കാൾ കൂടുതലായാണ് VFPCK ക്ക് തുക നൽകിയിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | VFPCK ക്ക് നൽകിയ തുക. | യൂണിറ്റ് കോസ്റ്റ് പ്രകാരം നൽകാവുന്ന പരമാവധി തുക. | അധികം നൽകിയത്. |
|---|---|---|---|---|
| 1 | കടലപ്പിണ്ണാക്ക് (2 Kg Bag) - 40 Nos (80 Kg) | 5,600/- രൂപ | 4,400/- രൂപ | 1,200/- രൂപ |
| 2 | കടലപ്പിണ്ണാക്ക് (5 Kg Bag) -40 Nos (200 Kg) | 13,400/- രൂപ | 11,000/- രൂപ | 2,400/- രൂപ |
| | | 19,000/- രൂപ | 15,400/- രൂപ | 3,600/- രൂപ |

അധികം നൽകിയ 3,600/- രൂപ തിരിച്ചടക്കേണ്ടതാണ്. മറ്റുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. ചെലവ് തുക 36,400/- രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ :25/29.11.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1–32 ഗുണഭോക്തൃകമ്മിറ്റി കൺവീനർക്ക് നൽകിയ മുൻകൂർ ക്രമീകരിക്കേണ്ടതാണ്.

